**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 3793 | 11.11.2019-ൽ മറുപടിക്ക്

## സ്റ്റീഫന്റെ ദുരൂഹമരണം സംബന്ധിച്ച പരാതി

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.കെ.എസ്.ശബരീനാഥൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കാട്ടാക്കട പോലീസ് സ്റ്റേഷനിൽ മണ്ണൂർക്കര വില്ലേജിൽ കരിങ്കുന്നം ലിജോ ഭവനിൽ സി. ആൽബർട്ട് തന്റെ സഹോദരനായ സി.സ്റ്റീഫന്റെ ദുരൂഹമരണം അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ; | (എ) പ്രസ്തുത പരാതിയിൽ സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രൈം ബ്രാഞ്ചിന് നൽകിയിട്ടുള്ളതും ആയതിൻമേൽ പ്രാഥമിക അന്വേഷണം നടത്തിയിരുന്നു. |
| (ബി) സ്റ്റീഫന്റെ മരണം സ്വത്ത് തട്ടിയെടുക്കലുമായി ബന്ധപ്പെട്ട് ഉള്ളതാണെന്നുള്ള പരാതിയിന്മേൽ കുറ്റക്കാരെ ആരെയെങ്കിലും കണ്ടെത്തിയിട്ടുണ്ടോയെന്നും 2013 ൽ മരണപ്പെട്ട സ്റ്റീഫന്റെ (ക്രൈം നമ്പർ 993/13) കേസിന്റെ അന്വേഷണ പുരോഗതി എന്താണെന്നും വ്യക്തമാക്കാമോ? | (ബി) സ്റ്റീഫന്റെ സ്വത്ത് തട്ടിയെടുക്കലുമായി ബന്ധപ്പെട്ട പരാതിയിൽ കുറ്റക്കാരായി ആരേയും കണ്ടെത്തിയിട്ടില്ല. കാട്ടാക്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 993/13 നമ്പരായി രജിസ്റ്റർ ചെയ്ത കേസ് ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും, ക്രൈം ബ്രാഞ്ച് തിരുവനന്തപുരം യൂണിറ്റിൽ ക്രൈം നമ്പർ 139/CB/TVM/2014 നമ്പരായി തുടരന്വേഷണം നടത്തി വരുന്നതുമാണ്. അന്വേഷണം അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ